# *തീസിസ്സ്, ആന്റിതീസിസ്സ്, സിന്തെസിസ്സ്*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc.,Ph.D.)*

ഹേഗ്ലും കേന്റും
അനുധാവകരും
ചൊരിഞ്ഞ പ്രഭ
അസ്തമിച്ചതോ?
ഗ്രഹണദിശയിലോ?

ആവർത്തന വിരസതയുള്ള
തീസിസ്സുകൾ
രചിച്ചു മടുത്തവർക്ക്
പണ്ടൊരു വിദ്വാൻ
എഴുതിയ ആമുഖം
വിരിയിച്ച മുട്ടയിലെ
മാഞ്ഞ മഞ്ഞക്കരു –
ആന്റിതീസിസ്സ് –
ഇപ്രകാരം:

"ഓരോ ശരാശരി തീസിസ്സും
ഒരു ശവപ്പറമ്പിൽ നിന്ന്
മറ്റൊരു ശവപ്പറമ്പിലേക്ക്
മാറ്റി പ്രതിഷ്ഠിക്കുന്ന,
മാംസം അളിഞ്ഞു
വിവസ്ത്രമായ,
എല്ലിൻ കൂമ്പാരങ്ങളാണ്."

കവി ക്രാന്തദർശിയെങ്കിൽ,
സൈദ്ധാന്തിക സർഗ്ഗാത്മകത
ഒളിഞ്ഞും തെളിഞ്ഞും
അലങ്കാര വ്യത്തേ–
തിവൃത്ത വൃത്താന്തം

സിന്തെസിസ്സിൻ
ഉല്പാദനോത്തേജനത്തിൻ
പ്രകടനം:
ഓരോ പുതിയ തീസിസ്സും
ശവപ്പറമ്പിൽ സംസ്കരിച്ച
മരപ്പേടകത്തിൽ നിക്ഷേപിച്ച,
കാലഹരണപ്പെട്ട, ജീർണ്ണിച്ച
പഴയ ആശയങ്ങളുടെ
ശവപ്പെട്ടിയിൽ ആഞ്ഞടിക്കുന്ന
ഉരുക്കു മുള്ളാണികളാണ്.
************************************